# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃത്താല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA .PKD-20/22/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 14/02/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃത്താല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA .PKD-20/22/2022. തീയ്യതി: 14/02/2022

## പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-12-2020 മുതൽ 10-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സതീശൻ എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 13-12-2021 | 28-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 28-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കെ.ആർ പ്രകാശ് ബാബു, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
കെ.പി.രാമകൃഷ്ണൻ, അസി.ഓഡിറ്റ് ഓഫീസർ
എൻ.വി.കൃഷ്ണദാസ്, ഓഡിറ്റർ
രഞ്ജിത്ത് ആർ. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കൃഷ്ണകുമാർ .എ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.അമ്പിളി.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 23-04-2019 |
| ശ്രീ.എസ് സിരോഷ് | സെക്രട്ടറി | 24-04-2019 | 12-07-2019 |
| ശ്രീമതി.അമ്പിളി.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-07-2019 | 02-08-2019 |
| ശ്രീ.എസ് സിരോഷ് | സെക്രട്ടറി | 03-08-2019 | 28-10-2019 |
| ശ്രീമതി.അമ്പിളി.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-10-2019 | 01-12-2019 |
| ശ്രീ.കോശി ഉമ്മൻ | സെക്രട്ടറി | 02-12-2019 | 19-02-2020 |
| ശ്രീമതി.അമ്പിളി.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.വിജയകുമാർ.പി | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സരസ്വതി.യു.എം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-05-2019 |
| ശ്രീമതി.പ്രിയ.എം.ടി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-06-2019 | 20-12-2019 |
| ശ്രീമതി.സുനിത.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 21-12-2019 | 31-03-2020 |
| ഡോ.പി.ജയറാം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.വിപിൻ കിഷോർ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ.പ്രദീപ് ജേക്കബ് | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീ. അനുരാജ് പി.സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 04-07-2019 |
| ശ്രീമതി.സരിത.കെ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 05-07-2019 | 22-09-2019 |
| ശ്രീമതി.സ്മിത.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23-09-2019 | 06-11-2019 |
| ശ്രീമതി.സരിത.കെ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 07-11-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.സുനിൽ. കെ.പി. | കൃഷി ഓഫീസർ | 01-04-2019 | 04-09-2019 |
| ശ്രീമതി.ഷഹനാ ഹംസ.എൻ.എ | കൃഷി ഓഫീസർ | 05-09-2019 | 27-11-2019 |
| ശ്രീമതി.എമിലി.ഐ.ആർ | കൃഷി ഓഫീസർ | 28-11-2019 | 31-03-2020 |
| ശ്രീ.സൂര്യൺ.കെ.ജി | അസി. എഞ്ചിനിയർ | 01-04-2019 | 31-05-2019 |
| ശ്രീ.വിപിൻ നാഥ്.എസ്.എസ് | അസി. എഞ്ചിനിയർ | 01-06-2019 | 04-07-2019 |
| ശ്രീ.നിഖിൽ റോയ് | അസി. എഞ്ചിനിയർ | 05-07-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ranjith. R (Auditor, On 01-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-02-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Ranjith. R (Auditor, On 03-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Ranjith. R (Auditor, On 01-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-02-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.R.Prakashbabu (Audit Officer, On 03-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-02-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 14-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 1-5 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Ranjith. R (Auditor, On 03-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: Ranjith. R (Auditor, On 03-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-02-2022) | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.R.Prakashbabu (Audit Officer, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-02-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ<br>Written By: K.R.Prakashbabu (Audit Officer, On 03-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-02-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-02-2022) | 1-10 |
| 12 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 02-01-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 03-01-2022) | 1-11 |
| 13 | തൊഴിൽനികുതി ഡിമാന്റ് കൃത്യമല്ല<br>Written By: Ranjith. R (Auditor, On 02-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 1-11-1 |
| 14 | ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല<br>Written By: Ranjith. R (Auditor, On 02-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-02-2022) | 1-11-2 |
| 15 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല<br>Written By: Ranjith. R (Auditor, On 02-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-02-2022) | 1-11-3 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ | 1-12 |

| | | |
|---|---|---|
| | പരിഹരിക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 29-12-2021)<br>Last Updated By: Ranjith. R (Auditor, On 03-01-2022) | |
| 17 | ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല<br>Written By: Ranjith. R (Auditor, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 1-12-1 |
| 18 | ലൈസൻസ് അനുവദിക്കുമ്പോൾ ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല<br>Written By: Ranjith. R (Auditor, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 1-12-2 |
| 19 | ലൈസൻസ് ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു<br>Written By: Ranjith. R (Auditor, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-02-2022) | 1-12-3 |
| 20 | ലൈസൻസ് പുതുക്കി നൽകുമ്പോൾ വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല<br>Written By: Ranjith. R (Auditor, On 29-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-02-2022) | 1-12-4 |
| 21 | 5 വർഷത്തേക്ക് ലൈസൻസ് അനുവദിച്ച താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും പട്ടിക III പ്രകാരമുള്ള ആനുപാതിക ഫീസ് ഈടാക്കിയില്ല<br>Written By: Ranjith. R (Auditor, On 02-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 1-12-5 |
| 22 | വസ്തുനികുതി-സഞ്ചയ ഡ്വാറ്റാബേസിൽ പിഴവുകൾ തുടരുന്നു<br>Written By: Ranjith. R (Auditor, On 01-01-2022)<br>Last Updated By: Ranjith. R (Auditor, On 01-01-2022) | 1-13 |
| 23 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം തുടരുന്നു<br>Written By: Ranjith. R (Auditor, On 01-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-02-2022) | 1-13-1 |
| 24 | വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു<br>Written By: Ranjith. R (Auditor, On 01-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 1-13-2 |
| 25 | വൃദ്ധർക്ക് കട്ടിൽ നൽകൽ- പ്രൊക്യൂർമെന്റ് നടപടികൾ പാലിച്ചില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-02-2022) | 1-14 |
| 26 | എസ് എസ് എൽ. സി.പ്ലസ്സ് തുല്യതാ പഠനം - തനത് ഫണ്ട് വിഹിതം നൽകിയത് ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 1-15 |
| 27 | കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല.<br>Written By: K.R.Prakashbabu (Audit Officer, On 31-12-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 14-02-2022) | 1-16 |
| 28 | ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് പ്രോജക്ട് മുഖാന്തിരം തുക ചെലവഴിക്കാതെ തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-02-2022) | 1-17 |

| | | |
|---|---|---|
| 29 | തെരുവു വിളക്ക് റിപ്പയർ - കരാറുകാരനിൽനിന്നും ആദായ നികുതി ഈടാക്കി അടവാക്കിയിട്ടില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 1-18 |
| 30 | തെരുവ് നായ വന്ധ്യംകരണം പദ്ധതി- ലക്ഷ്യപ്രാപ്തി ഉറപ്പ് വരുത്തേണ്ടതാണ്.<br>Written By: Krishnadas.N.V (Auditor, On 02-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-02-2022) | 1-19 |
| 31 | കന്നുകുട്ടി പരിപാലന പദ്ധതി<br>Written By: Krishnadas.N.V (Auditor, On 02-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-02-2022) | 1-20 |
| 32 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-02-2022) | 1-21 |
| 33 | പാലിയേറ്റീവ് കെയർ- അവലോകനം<br>Written By: Krishnadas.N.V (Auditor, On 02-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-02-2022) | 1-22 |
| 34 | അസാധാരണ ചെലവുകൾ-രജിസ്റ്റർ പരിപാലിച്ചിട്ടില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 1-23 |
| 35 | MGNREGS മെറ്റീരിയൽ പർച്ചേസ് -സപ്ലെയറിൽ നിന്ന് നികുതികൾ ഈടാക്കി അടവാക്കിയിട്ടില്ല<br>Written By: K.R.Prakashbabu (Audit Officer, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 1-24 |
| ഭാഗം **2** | | |
| 1 | പ്രത്യേക പരാമർശങ്ങൾ ഇല്ല<br>Written By: K.R.Prakashbabu (Audit Officer, On 05-01-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 05-01-2022) | . |
| ഭാഗം **3** | | |
| 1 | കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല.<br>Written By: K.R.Prakashbabu (Audit Officer, On 31-12-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 14-02-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 05-01-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 05-01-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 05-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 24-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 05-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.R.Prakashbabu (Audit Officer, On 05-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| | Written By: K.R.Prakashbabu (Audit Officer, On 05-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.R.Prakashbabu (Audit Officer, On 05-01-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 05-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.R.Prakashbabu (Audit Officer, On 05-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 05-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 05-01-2022)<br>Last Updated By: N Satheesan (Deputy Director, On 16-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.R.Prakashbabu (Audit Officer, On 05-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 14-02-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വിവിധ പത്രികകൾ-സംഗ്രഹം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 13.02.2019-ലെ ഭരണ സമിതി യോഗത്തിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റിലെ വിവരങ്ങൾ യഥാർത്ഥ വരവു ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല. ബജറ്റ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം (ഭരണസമിതി മിനിറ്റ്സിലെ വിവരങ്ങൾ) | യഥാർത്ഥ വരവ് ചെലവ് (റസിപ്റ്റ് & പെയ്മെന്റ് പ്രകാരം) |
|---|---|---|
| പ്രരംഭ ബാക്കി | 20,93,49,411 | 1,88,48,011 |
| തൻവർഷം വരവ് | 16,96,83,850 | 6,28,77,856 |
| ആകെ വരവ് | 37,90,33,261 | 8,17,25,867 |
| ചെലവ് | 14,30,15,665 | 5,30,19,818 |
| നീക്കിയിരിപ്പ് | 23,60,17,596 | 2,87,06,049 |

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തീയതി 02.12.2016 പ്രകാരം അംഗീകരിച്ചിട്ടുള്ള, ഗ്രാമപഞ്ചായത്തുകൾക്ക് ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ പ്ലാൻ, നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിലെ നടപടിക്രമങ്ങളും സമയക്രമവും പാലിച്ചിട്ടില്ല.

17.02.2021-ലെ ഭരണസമിതി തീരുമാനം നം. 2/1 പ്രകാരമാണ് 2019-20 വർഷത്തെ റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചിട്ടുള്ളത്.

യാഥാർത്ഥ്യ ബോധമില്ലാതെ ബജറ്റ് തയ്യാറാക്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/24.12.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 07-07-2020 | ----- | ----- |

## 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

2019-20 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

- ബിൽഡിംഗ് റഗുലറൈസേഷൻ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
- പെർമിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. മുൻകൂർ നല്കിയ തുക സമയബന്ധിതമായി ക്രമീകരിക്കാൻ നടപടിയില്ല

അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല.

- 460100101-Festival Advance എന്ന ശീർഷകത്തിൽ 9,000/- രൂപ തിരികെ അടവാക്കാൻ അവശേഷിക്കുന്നുണ്ട്. രജിസ്റ്റർ കൃത്യമല്ലാത്തതിനാൽ തുക ആര് തിരികെ അടവാക്കാനുള്ളതാണെന്ന വിവരം ലഭ്യമല്ല.
- 460500201- Advance To Implementing Officers എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ 06.12.2018-ന് Thrithala Service Co-operative Bank (Own Fund) ൽ നിന്നും Life Mission പദ്ധതിക്കായി 46 ഗുണഭോക്താക്കൾക്ക് 1,60,000/- രൂപ വീതം ആകെ 73,60,000/- രൂപ നൽകിയത് ക്രമീകരിച്ചിട്ടില്ല. ടി തുക ഉൾപ്പെടെ ആകെ 1,17,85,767/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്.

3. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല

ഡെപ്പോസിറ്റ് രജിസ്റ്ററിൽ തൻവർഷം സ്വീകരിച്ചവയുടേയും തിരികെ നൽകിയവയുടേയും വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മുൻവർഷത്തെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകളൊന്നും തന്നെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നത് ക്രമപ്രകാരമാണോ എന്ന് പരിശോധിക്കാനായിട്ടില്ല.

5. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പൂർണ്ണമല്ല

രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് തികച്ചും അപൂർണ്ണമാണ്. നിക്ഷേപതുകയുടെ വിശദാംശങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.15/24.12.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18893871 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62831996 |
| ആകെ | 81725867 |
| ചെലവ് | 53019818 |
| നീക്കിയിരിപ്പ് | 28706049 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10091835 | 10091835 | 8508926 | 1582909 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 13430647 | 13430647 | 8393510 | 5037137 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 3906000 | 3906000 | 2365931 | 1540069 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | 0 | 3523000 | 3523000 | 2650472 | 872528 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9157257 | 9157257 | 4220907 | 4936350 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| MGNREGS | 17177 | 17189185 | 17206362 | 17204158 | 2204 |
| ശുചിത്വ മിഷൻ | 2178054 | 114000 | 2292054 | 284000 | 2008054 |
| ICDS | 2423406 | 996500 | 3419906 | 1085033 | 2334873 |
| TSC | 695780 | 0 | 695780 | 144000 | 551780 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 94078908 | 113 | 35847647 | 0 | 82 | 58 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 4601666 | 2085000 | 45 |
| വെറ്ററിനറി സർജ്ജൻ | 7 | 7 | 5565000 | 1363500 | 25 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 3 | 682245 | 582236 | 85 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 600000 | 599565 | 99 |
| വി.ഇ.ഒ | 17 | 13 | 23436050 | 8073724 | 34 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7 | 5865760 | 4152048 | 71 |
| സെക്രട്ടറി | 24 | 12 | 9990987 | 2671052 | 27 |
| ഹെഡ് മിസ്ട്രസ് | 7 | 2 | 1183000 | 713000 | 60 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 113 | 56 | 32293000 | 12035688 | 37 |
| അസി.സെക്രട്ടറി | 9 | 7 | 9861200 | 3571834 | 36 |
| ആകെ | 195 | 113 | 94078908 | 35847647 | 38 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിലില്ലായ്മ വേതനം | 29 | 26400 |
| കർഷകതൊഴിലാളി പെൻഷൻ | 111 | 1863600 |
| വിധവാപെൻഷൻ | 364 | 6101400 |
| വാർദ്ധക്യകാല പെൻഷൻ | 706 | 11857200 |
| വികലാംഗപെൻഷൻ | 104 | 1745200 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള | 35 | 582000 |

| | | |
|---|---|---|
| പെൻഷൻ | | |

1-7 ക്യാഷ് പരിശോധന

ഇതോടൊപ്പം പുറപ്പെടുവിക്കുന്ന 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-7 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-8 തൊഴിലുറപ്പ് പദ്ധതി

| | ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| MGNREGS | തൊഴിലാളി കളുടെകൂലി | 0 | 15839030 | 15839030 | 15839030 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 17177 | 1350155 | 1367332 | 1365128 | 2204 |

1-9 ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ

ഇതോടൊപ്പം പുറപ്പെടുവിക്കുന്ന 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-9 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 29/11/2021 മുതൽ 30-11-2021 വരെ | 10/021 | 30-11-2021 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.05.2004 | 1997-98 മുതൽ 2003-04 വരെ | 30.09.2004 | ഇല്ല |

1-11 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

2019-20 വർഷത്തെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിലെ കൃത്യത പരിശോധിക്കാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. കണ്ടെത്തിയ നിരീക്ഷണങ്ങൾ തുടർ ഖണ്ഡികകളിൽ ചേർക്കുന്നു.

1-11-1 തൊഴിൽനികുതി ഡിമാന്റ് കൃത്യമല്ല

1994 -ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204 ഇ(3) (1) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ തൊഴിൽനികുതി അടവാക്കാൻ ബാധ്യസ്ഥരായ ആളുകളുടേയും സ്ഥാപനങ്ങളുടേയും വിവരങ്ങൾ സംബന്ധിക്കുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതും വകുപ്പ് 205 ഐ പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ

87 സ്ഥാപനങ്ങളുടെ വിവരങ്ങളാണ് സ്ഥാപന രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 1996 -ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 18 പ്രകാരം ഫോറം III ലുള്ള ഡിമാന്റ് നോട്ടീസ് എത്ര സ്ഥാപനങ്ങൾക്ക് നൽകി എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. 2019-20 വർഷം 96 സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയതിന്റെ വിശദാംശങ്ങളാണ് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് നികുതി നഷ്ടത്തിന് കാരണമാകുന്നു.

ഓഡിറ്റ് അന്വേഷണം നം. 11/23.12.2021 ന് ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

1-11-2 ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് 204-ാം വകുപ്പ് പ്രകാരം ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാടുനടത്തുന്ന ഓരോ കമ്പനിയുടേയും 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന അല്ലെങ്കിൽ ബിസിനസ് നടത്തുന്ന പൊതുവോ സ്വകാര്യമായതോ ആയ ഉദ്യോഗം വഹിക്കുന്ന അല്ലെങ്കിൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുന്ന ഏതൊരാളുടേയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാകുന്നു. ഗ്രാമപഞ്ചായത്തിലെ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ലെന്ന് കാണുന്നു.

| ക്രമ നം | ഡിമാന്റ് രജിസ്റ്ററിലെ ക്രമ നം | സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|---|
| 1 | 3 | അമ്മു സോ മിൽ, മേഴത്തൂർ | I & II |
| 2 | 18 | ഡോ.കെ.വി.വിജയൻ ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് | I & II |
| 3 | 28 | ഗ്രാന്റ്സൺ ഭാരത് ഗ്യാസ് | I & II |
| 4 | 29 | ഹോമിയോ ഹെൽത്ത് സെന്റർ, ഉള്ളനൂർ | I & II |
| 5 | 36 | കെവീസ് ഫാർമ്മസ്യൂട്ടിക്കൽസ് | I & II |
| 6 | 38 | ക്ഷീരോൽപാദക സഹകരണ സംഘം, മേഴത്തൂർ | I & II |
| 7 | 42 | എംഇഎസ് കോളേജ്, തൃത്താല | I & II |
| 8 | 44 | മലബാർ ട്രേഡേഴ്സ്, മാട്ടായ | I & II |
| 9 | 58 | പുലരി എഞ്ചിനീയറിംഗ് വർക്ക്സ് | II |
| 10 | 63 | സഹറ ഹൈപ്പർ മാർക്കറ്റ്, തൃത്താല | I & II |
| 11 | 64 | സായ്റാം മൾട്ടി സ്പെഷ്യാലിറ്റി | I & II |

| | | | |
|---|---|---|---|
| | | ക്ലിനിക്ക് | |
| 12 | 80 | തുത്താല പെട്രോളിയം ഏജൻസി | I & II |
| 13 | 82 | ഉഡുപ്പി ഫാമിലി റസ്റ്റോറന്റ് | I & II |
| 14 | 86 | വിജയ് സിൽക്സ്, തുത്താല | I & II |
| 15 | 95 | ഇറിഗേഷൻ പ്രോജക്റ്റ് സെക്ഷൻ, തുത്താല | I |
| 16 | 96 | ഇസാഫ് സ്മാൾ ഫിനാൻസ് ബാങ്ക് | I |

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള കണ്ണന്നൂർ ഭഗവതി ക്ഷേത്രം, തുത്താല ദേവസ്വം , വി.കെ കടവ് ക്ഷീരോല്പാദക സഹകരണ സംഘം, തുത്താല ക്ഷീരോല്പാദക സഹകരണ സംഘം എന്നിവയിൽ നിന്ന് തൊഴിൽ നികതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.11/23.12.21)

## 1-11-3 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | B2/893/2019 (79) | മിസ്റ്റർ കെയർ സെന്റർ പ്രൈ ലി | 4 |
| 2 | B2/554 /2019(15) | ടികെഎം ട്രേഡേഴ്സ് & സോ മിൽ | 4 |
| 3 | B2/555 /2019(16) | ടികെഎം വുഡ് ഇൻഡസ്ട്രീസ് | 4 |
| 4 | B2/6599 /2019(444) | സ്കൈ വെയ്സ് പെട്രോളിയം | 10 |
| 5 | B2/4061 /2019(402) | യുണൈറ്റഡ് പ്രിന്റേഴ്സ്, ഞാങ്ങാട്ടിരി | 5 |
| 6 | B2/3523 /2019(382) | ചോലക്കൽ കല്യാണ മണ്ഡപം | 2 |
| 7 | B2/2452 /2019(343) | റീജൻസി കല്യാണ മണ്ഡപം | 3 |
| 8 | B2/1814 /2019(343) | തുത്താല പെട്രോളിയം ഏജൻസി | 6 |

തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.11/23.12.21 ന് തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും

### ലൈസൻസ് നൽകൽ- അപാകതകൾ പരിഹരിക്കേണ്ടതാണ്

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ(പി)നം.80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി ഉത്തരവായിരുന്നു. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക II-ൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-12-1 ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല

2019-20 വർഷത്തിൽ 477 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ഡിമാന്റ് പൂർണ്ണമാണോ എന്നതിന്റെയും ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നതിന്റെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വാർഡ് തലത്തിൽ സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് തയ്യാറാക്കുകയും ആയത് കാലികമാക്കി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.10/22.12.2021-ന് ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ആയത് അടിയന്തിരമായി പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർനടപടികൾ അറിയിക്കേണ്ടതാണ്.

### 1-12-2 ലൈസൻസ് അനുവദിക്കുമ്പോൾ ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

31.10.2017 മുതൽ പ്രാബല്യത്തിൽ വന്ന ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരം ലൈസൻസ് നൽകൽ നടപടിക്രമങ്ങളിൽ ആവശ്യമായ മാറ്റം വരുത്തിയിട്ടില്ല. അപേക്ഷകളിൽ മൂലധന നിക്ഷേപത്തിന് പകരം ദൈനംദിന വിറ്റുവരവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസ് നിരക്ക് നിശ്ചയിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.10/22.12.2021-ന് ഭേദഗതി ചട്ടം പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

### 1-12-3 ലൈസൻസ് ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു

ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ലെങ്കിലും അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള മൂലധന നിക്ഷേപം പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് കുറവായി ഈടാക്കിയതായി കാണുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം | ചുമത്താവുന്ന പരമാവധി ഫീസ് | ചുമത്തിയ ഫീസ് | വ്യത്യാസം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | വൈദ്യമഠം വൈദ്യശാല & നേഴ്സിംഗ് ഹോം ലൈസൻസ് നം.ബി2/1828/2019 (291) | 1.69 കോടി (സേവനം) | 5000 | 4000 | 1000 |
| 2 | സിഎൻഎസ് ആയുർവേദ ചികിത്സാലയം (പ്രൈ) ലി. ലൈസൻസ് നം.ബി2/634/2019 (299) | 1.11 കോടി (സേവനം) | 5000 | 2000 | 3000 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 10/22.12.2021- ന് ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് സ്ലാബുകളുടെ പരമാവധി തുകയാണ് പട്ടികയിൽ ഉള്ളതെന്നതിനാലും നിശ്ചിത നിരക്ക് പഞ്ചായത്ത് നിശ്ചയിച്ചിട്ടില്ലെന്നതിനാലുമാണ് ഫീസ് ഇപ്രകാരം ഈടാക്കിയതെന്നും ആയത് പഞ്ചായത്ത് സമിതി സാധൂകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.

തുക ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12-4 ലൈസൻസ് പുതുക്കി നൽകുമ്പോൾ വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 233-ാം വകുപ്പ് പ്രകാരം ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ പരമാവധി തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ തൃത്താല ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകുമ്പോൾ പട്ടിക III പ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | ലൈസൻസ് രജിസ്റ്റർ ക്രമ നം | സ്ഥാപനത്തിന്റെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കാവുന്ന പരമാവധി ഫീസ് |
|---|---|---|---|---|
| 1 | 2 | ബിസ്മില്ല അവിൽ & ഫ്ലോർ മിൽ | 40 | 400 |
| 2 | 3 | ദീപ്തി റൈസ് മിൽ | 10 | 100 |
| 3 | 10 | സെക്രട്ടറി, തൃത്താല സർവീസ് സഹകരണ ബാങ്ക് (വെളിച്ചെണ്ണ മിൽ) | 66 | 1000 |
| 4 | 11 | സെക്രട്ടറി, തൃത്താല സർവീസ് സഹകരണ ബാങ്ക് (കൊപ്ര ഡ്രയർ) | 25 | 300 |
| 5 | 15 | ടികെഎം ട്രേഡേഴ്സ് & സാമിൽ | 25 | 300 |
| 6 | 16 | ടികെഎം വുഡ് ഇൻഡസ്ട്രീസ് | 15 | 200 |
| 7 | 26 | പുലരി എഞ്ചിനീയറിംഗ് വർക്സ് | 10 HP | 100 |
| 8 | 33 | അബൂബക്കർ.പി, പുഴയ്ക്കൽ | 15 HP | 200 |

| | | | | |
|---|---|---|---|---|
| 9 | 35 | അനുഗ്രഹ ടിമ്പർ പ്രോഡക്റ്റ്സ് | 29 HP | 300 |
| 10 | 71 | സിയാദ് ഓയിൽ & ഫ്ലവർ മിൽ | 10 HP | 100 |
| 11 | 114 | ടി ടി ഫുഡ് പ്രോഡക്റ്റ്സ് | 15 HP | 200 |
| 12 | 141 | ഷാജഹാൻ പുത്തൻ വളപ്പിൽ | 10 HP | 100 |
| 13 | 178 | കെപീസ് ഫാർമസ്യൂട്ടിക്കൽസ് | 38 HP | 400 |
| 14 | 224 | ടി എം അബ്ദുൾ ഹമീദ് ഖാൻ<br>ടാർ മെറ്റർ മിക്സിംഗ് | 125 HP | 2000 |
| 15 | 232 | ഡോ.കെ.വി.രാമകൃഷ്ണൻ, ആയുർവേദ ഔഷധ നിർമ്മാണം | 30 HP | 300 |
| 16 | 249 | ആസിയ കരങ്ങാടത്തുവളപ്പിൽ-റൈസ്മിൽ | 20 HP | 200 |
| 17 | 253 | മദീനാ റൈസ് മിൽ | 10 HP | 100 |
| 18 | 255 | ബിസ്മില്ലാ ഫ്ലവർ മിൽ | 10 HP | 100 |
| 19 | 271 | ഷഫിയുള്ള ഫ്ലവർമിൽ | 10 HP | 100 |
| 20 | 291 | വൈദ്യമഠം വൈദ്യശാല | 75 HP | 1000 |
| 21 | 391 | ഇ.കെ.എന്റർപ്രൈസസ് | 10 HP | 100 |
| 22 | 392 | സൂര്യ ഇൻഡസ്ട്രീസ് | 14 HP | 200 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം 10/22.12.2021-ന് പട്ടിക 2, പട്ടിക 3 എന്നിവയിലെ ഫീസ് ഒരുമിച്ച് ഈടാക്കേണ്ടതില്ല എന്നതിനാലാണ് ഫീസ് ചുമത്താത്തതെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ചട്ടം 17 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രിയോ, നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് പട്ടിക III പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണ് എന്നതിനാൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12-5 5 വർഷത്തേക്ക് ലൈസൻസ് അനുവദിച്ച താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും പട്ടിക III പ്രകാരമുള്ള ആനുപാതിക ഫീസ് ഈടാക്കിയില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 8 പ്രകാരം ഫാക്ടറികൾ വ്യവസായ സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ലൈസൻസിന്റെ കാലാവധി 5 വർഷത്തേക്ക് നിജപ്പെടുത്തുന്ന സംഗതികളിൽ മേൽ ചട്ടങ്ങളിലെ II, III, IV പട്ടികകൾ പ്രകാരം പഞ്ചായത്ത് പ്രതിവർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ 5 ഇരട്ടി മുൻകൂറായി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചുവടെ ചേർത്തിട്ടുള്ള, യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് 5 വർഷത്തേക്ക് പുതുക്കി നൽകിയപ്പോൾ പട്ടിക III പ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | ലൈസൻസ് രജിസ്റ്റർ ക്രമ നം | സ്ഥാപനത്തിന്റെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഒരു വർഷത്തേക്ക് ഈടാക്കാവുന്ന ഫീസ് | 5 വർഷത്തേക്ക് ഈടാക്കാവുന്ന ഫീസ് |
|---|---|---|---|---|---|
| 1 | 1 | ആരോമ ടിമ്പേഴ്സ് | 44 HP | 500 | 2500 |
| 2 | 42 | എസ്.ആർ ഇൻഡസ്ട്രീസ് | 17 HP | 200 | 1000 |

| | | | | | |
|---|---|---|---|---|---|
| 3 | 259 | ലീലാമണി-ഹോളോബ്രിക്സ് | 9.5 HP | 100 | 500 |

ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 10/22.12.2021)

1-13 വസ്തുനികുതി-സഞ്ചയ ഡാറ്റാബേസിൽ പിഴവുകൾ തുടരുന്നു

വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിച്ച് നികുതി നിർണ്ണയം ഏകീകരിക്കുന്നതിനായി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും വസ്തുനികുതി നിർണ്ണയം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി വെബ്ബ് അധിഷ്ഠിത സഞ്ചയ സോഫ്റ്റ്‌വെയർ മുഖാന്തിരം ഡാറ്റാ എൻട്രി ആരംഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിരുന്നുവെങ്കിലും പഞ്ചായത്തുകൾ ഫീൽഡ് വെരിഫിക്കേഷൻ നടത്താതെ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തിയതുമൂലം സോഫ്റ്റ്‌വെയറിൽ തെറ്റായ ചില വിവരങ്ങൾ ഉൾപ്പെട്ടിരുന്നു. ആയത് തിരുത്തുന്നതിനായി നടപ്പിലാക്കിയ ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ തൃത്താല ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളിൽ ചേർക്കുന്നു.

1-13-1 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം തുടരുന്നു

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 50 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് തൃത്താല ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം ഉണ്ടാവുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | വ്യത്യാസം/ നഷ്ടം |
|---|---|---|---|---|---|---|
| 1 | 6/115A | അബൂബക്കർ, ചുള്ളിയില് ഞാങ്ങാട്ടിരി, ഞാങ്ങാട്ടിരി-679303 | 111.31 | 111.31*50= 5565.5<br>ഇളവ്- ഇല്ല<br>വർദ്ധനവ്- 20%<br>BT- 6679<br>LC- 334<br>Total- 7013 | 111.31*60= 6678.6<br>ഇളവ്- ഇല്ല<br>വർദ്ധനവ്- 20%<br>BT- 8015<br>LC 401<br>Total- 8416 | 1403 (2013 First Half മുതൽ) |
| 2 | 8/378A | ഹാജി, തട്ടത്താഴത്ത്, ഞാങ്ങാട്ടിരി-ഹംസ 679303 | 101.6 | 101.6*50= 5080<br>ഇളവ്- 20%<br>വർദ്ധനവ്- ഇല്ല<br>ARV പ്രകാരമുള്ള നികുതി- 4128<br>BT- 4064<br>LC- 204<br>Total- 4268 | 101.6*60= 6096<br>ഇളവ്- 20%<br>വർദ്ധനവ്- ഇല്ല<br>ARV പ്രകാരമുള്ള നികുതി- 4128<br>BT- 4877<br>LC- 244<br>Total- 5121 | 853 (2013 First Half മുതൽ) |

| | | | | | | |
|---|---|---|---|---|---|---|
| 3 | 6/565A | സമീറ മുതൽ പേർ, കുന്നത്തൊടി, പെരുമുടിയൂർ | 113.38 | 113.38*50= 5669<br>ഇളവ്- ഇല്ല<br>വർദ്ധനവ്- 20%<br>BT- 6803<br>LC- 341<br>Total- 7144 | 113.38*60= 6803<br>ഇളവ്- ഇല്ല<br>വർദ്ധനവ്- 20%<br>BT- 8164<br>LC- 408<br>Total- 8572 | 1428<br>(2015 First Half മുതൽ) |
| 4 | 6/565B | സമീറ മുതൽ പേർ, കുന്നത്തൊടി, പെരുമുടിയൂർ, | 111.08 | 111.08*50= 5554<br>വർദ്ധനവ്- 20%<br>ഇളവ്- 5% (ബഹുനില വാണിജ്യം)<br>BT- 6332<br>LC- 317<br>Total- 6649 | 111.08*60= 6665<br>വർദ്ധനവ്- 20%<br>ഇളവ്- 5% (ബഹുനില വാണിജ്യം)<br>BT- 7598<br>LC- 380<br>Total- 7978 | 1329<br>(2015 First Half മുതൽ) |
| 5 | 6/565C | സമീറ മുതൽ പേർ, കുന്നത്തൊടി, പെരുമുടിയൂർ, | 111.08 | 111.08*50= 5554<br>വർദ്ധനവ്- 20%<br>ഇളവ്- 10% (ബഹുനില വാണിജ്യം)<br>BT- 5999<br>LC- 300<br>Total- 6299 | 111.08*60= 6665<br>വർദ്ധനവ്- 20%<br>ഇളവ്- 10% (ബഹുനില വാണിജ്യം)<br>BT- 7198<br>LC- 360<br>Total- 7558 | 1259<br>(2015 First Half മുതൽ) |
| 6. | 6/349F | രാധിക നെട്ടൂർ പുത്തൻവീട്ടിൽ, ഞാങ്ങാട്ടിരി- 679303 | 102.3 | 102.3*50= 5115<br>വർദ്ധനവ്- ഇല്ല<br>ഇളവ്- 5% (ബഹുനില വാണിജ്യം)<br>BT- 4860<br>LC- 243<br>Total- 5103 | 102.3*60= 6138<br>വർദ്ധനവ്- ഇല്ല<br>ഇളവ്- 5% (ബഹുനില വാണിജ്യം)<br>BT- 5831<br>LC- 292<br>Total- 6123 | 1020<br>(2013 First Half മുതൽ) |
| 7 | 2/10A | അബൂബക്കർ വി, വടക്കുംപാല, തൃത്താല- 679534 | 142 | 142*50= 7100<br>വർദ്ധനവ്- ഇല്ല<br>ഇളവ്- 20% (മേഖല)<br>BT- 5680<br>LC- 284<br>Total- 5964 | 142*60= 8520<br>വർദ്ധനവ്- ഇല്ല<br>ഇളവ്- 20%(മേഖല)<br>BT- 6816<br>LC- 341<br>Total- 7157 | 1193<br>(2013 Second Half മുതൽ) |

ഓഡിറ്റ് അന്വേഷണം നം.5/17.12.2021-ന് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി

നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ശരിയായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി പുനർനിർണ്ണയിക്കേണ്ടതും കുടിശ്ശിക ഉൾപ്പെടെ ഈടാക്കേണ്ടതുമാണ്.

## 1-13-2 വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

27.04.2015-ലെ സ.ഉ(എം.എസ്)നം.144/2015/തസ്വഭവ പ്രകാരം വസ്തുനികുതി വർദ്ധനവ് 100 ശതമാനമായി പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. നികുതി വർദ്ധനവ് പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ നഷ്ടം ഉണ്ടാവുന്നില്ലെങ്കിലും വസ്തുതാപരമായ പിഴവ് തുടരുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം (ച മീ) |
|---|---|---|---|
| 1 | 1/249 | മുഹമ്മദ് ഷരീഫ്, മാമ്പുള്ളിഞാലിൽ, തൃത്താല-679534 | 149 |
| 2 | 1/476 | ഗോപാലൻ ടി, ചോലംപറമ്പിൽ (ലക്ഷമിനിവാസ്), തൃത്താല-679534 | 136 |
| 3 | 2/836 | മുഹമ്മദ് അഷറഫ്അലി, മാനേജിങ്ങ് പാർട്ട്ണർ, കുനത്തിൽ സ്റ്റോഴ്സ് തൃത്താല-679534 | 120 |
| 4 | 5/253 | സുരേഷ് ബാബു, തടത്തിൽഹൗസ്, ഉള്ളന്നൂർ, തൃത്താല-679534 | 110 |
| 5 | 5/400 | ബിന്ദു, മുല്ലക്കൽ, ഉള്ളന്നൂർ, തൃത്താല-679534 | 300 |
| 6 | 5/402 | ബിന്ദു, മുല്ലക്കൽ, ഉള്ളന്നൂർ, തൃത്താല-679534 | 120 |
| 7 | 15/462 | കെ.പി.യശോദമണി & ആനന്ദവല്ലി കാഞ്ഞൂർ പരിതപ്പുറത്ത് കളത്തില് മേഴത്തൂർ-679534 | 140 |
| 8 | 15/463 | കെ.പി.യശോദമണി & ആനന്ദവല്ലി കാഞ്ഞൂർ പരിതപ്പുറത്ത് കളത്തിൽ മേഴത്തൂർ-679534 | 150 |

ഓഡിറ്റ് അന്വേഷണം നം.05/17.12.2021-ന് മറുപടിയായി ഡാറ്റാബേസിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-14 വൃദ്ധർക്ക് കട്ടിൽ നൽകൽ- പ്രൊക്യൂർമെന്റ് നടപടികൾ പാലിച്ചില്ല

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 58/20 പട്ടികജാതി വൃദ്ധർക്ക് കട്ടിൽ |
| അടങ്കൽ | 600000 വികസന ഫണ്ട്(എസ്.സി.പി) |

| | |
|---|---|
| | 435000-ബ്ലോക്ക് വിഹിതം |
| | ആകെ 1035000 |
| ചെലവ് | 301903 |
| ബിൽ നം | 20/18.01.2020-301903 |
| ഇൻവോയ്സ് | 349/27.12.19- 86258 |
| | 350/27.12.19- 86258 |
| | 351/27.12.19- 86258 |
| | 352/27.12.19- 43129 |
| | ആകെ 301903 |

2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ച പദ്ധതിയാണിത്. കട്ടിലൊന്നിന് 4349.50/-രൂപ നിരക്കിൽ KADCO യിൽ നിന്നും 70 കട്ടിലുകളാണ് വാങ്ങി വിതരണം ചെയ്തിരിക്കുന്നത്.

ടെന്റർ ക്ഷണിക്കാതെ കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷനിൽ (KADCO) നിന്നുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. KADCO യുടെ 30/18.09.2019 പ്രകാരമുള്ള പ്രൊഫോർമ്മ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള 4349.50 രൂപ നിരക്കിൽ (ജി.എസ്.ടി ഉൾപ്പെടെ) കട്ടിൽ വാങ്ങുന്നതിന് 14.10.2019 ലെ 1(1) നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിക്കുകയും എ1-5111/19 തീയതി 15.10.2019 പ്രകാരം സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. നിരക്കിനെ സംബന്ധിച്ച് കാഡ്കോയുമായി നെഗോഷിയേഷൻ നടത്തിയിട്ടില്ല.

സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018പ്രകാരമുള്ള സബ്സിഡി മാർഗരേഖയിൽ ,വാങ്ങലുകളിൽ സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകളും പാലിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ജി.ഒ(ആർടി)നം. 59/2017/SPD തിയതി 20.10.2017 പ്രകാരമുള്ള സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ റേറ്റ് കോൺട്രാക്റ്റ് ഉത്തരവിൽ KADCO നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണീച്ചറുകളുടെ വിലവിവര പട്ടികയിൽ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ ഉൾപ്പെടുന്നില്ല. സ.ഉ(സാധാ)നം.3161/2017/തസ്വഭവ തിയതി. 27.09.2017 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി KADCO യെ പരിഗണിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് KADCO നിർമ്മിക്കുന്ന ഫർണീച്ചറുകൾ നേരിട്ട് വാങ്ങുന്നതിന് നിർദ്ദേശമില്ലാത്തതാണ്. ആയതിനാൽ ടെണ്ടർ കൂടാതെ KADCO യിൽ നിന്നും നേരിട്ട് വാങ്ങിയ നടപടി സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.06/21.12.2021) വിപണിയിൽ 7500 രൂപ വിലവരുന്ന കട്ടിൽ ആണ് 4350 രൂപയ്ക്ക് വിൽക്കുന്നതിന് സർക്കാർ വിലനിശ്ചയിക്കുകയും ആയത് KADCO യിൽ നിന്നും വാങ്ങുകയും ചെയ്തത്. ഭാവിയിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ, സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകൾ എന്നിവ പാലിച്ചുമാത്രമേ പ്രോജക്ടുകൾ നടപ്പിലാക്കുകയുള്ളൂ എന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ, സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകൾ എന്നിവ പാലിച്ചുമാത്രം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

1-15 എസ് എസ് എൽ. സി.പ്ലസ്സ് തുല്യതാ പഠനം - തനതു ഫണ്ട് വിഹിതം നൽകിയത് ചെലവു പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തിൽ ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ എസ് എസ് എൽ. സി, പ്ലസ്ടു തുല്യതാ പഠനം എന്ന പ്രൊജക്ടിന്റെ ഭാഗമായി തനതു ഫണ്ടിൽ നിന്നും 15695 രൂപ വകയിരുത്തുകയും 15400 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ചെലവു പത്രികയിൽ പ്രസ്തുത തുക ചെലവഴിച്ചതായി രേഖപെടുത്തിയിട്ടില്ല.

ചെലവു പത്രിക പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് | 97/20 എസ് എസ് എൽ. സി.,<br>പ്ലസ്ടു തുല്യതാ പഠനം |
| അടങ്കൽ | 34305 -വികസന ഫണ്ട് |
| | 15695 തനതു ഫണ്ട് |
| | ആകെ 50000 രൂപ |
| ചെലവ് | ഇല്ല |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ ജി.എം.എൽ.പി.എസ്<br>തുത്താല |

ചെക്ക് മുഖേന തനതു ഫണ്ട് വിഹിതം (അക്കൗണ്ട് നം.72107140000016) നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ചെക്ക് നം | തുക |
|---|---|
| 2437271/16.10.2019 | 15400 രൂപ |

പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥൻ കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകുകയും , സാക്ഷരതാ മിഷൻ 22.10.2020 ന് തുക ലഭ്യമായതായി കൈപ്പറ്റ് രസീതി നൽകുകയും ചെയ്തിട്ടുണ്ട്. തനതു ഫണ്ട് വിഹിതം ചെലവഴിച്ചത് ചെലവ് പത്രികയിൽ ചെലവായി രേഖപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/13.12.2021) സാങ്കേതിക തകരാർ മൂലം സംഭവിച്ചതാണെന്നും ആയത് ഐ.കെ.എം. സ്റ്റേറ്റ് സെല്ലുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

പ്രോജക്ടുകളുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-16 കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല.

2019-20 വർഷം പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത് . എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് . ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 295/-രൂപ നിരക്കിൽ ബാരലിന്റെ വിലയായ

23010/-രൂപ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇതിൽ 18868 രൂപ പഞ്ചായത്ത് ഫണ്ടിലും 4141.8 (Rounded To 4142) രൂപ ജി.എസ്.ടി ഇനത്തിലും അടവാക്കേണ്ടതാണ്. (വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

1-17 ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് പ്രോജക്ട് മുഖാന്തിരം തുക ചെലവഴിക്കാതെ തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.

